**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 380** **04-10-2021 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ സി ആർ മഹേഷ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്തേക്ക് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (എ) | എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ബോർഡർ പട്രോളിംഗും വാഹന പരിശോധനകളും നടത്തി വരുന്നു. ജില്ലാതല എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും ലഹരി വസ്തുക്കളുടെ കടത്ത്/വിതരണം എന്നിവ തടയുന്നതിനായി പ്രവർത്തിച്ചുവരുന്നു. എല്ലാ എക്സൈസ് ചെക്ക് പോസ്റ്റുകളിലും സി.സി.റ്റി.വി. ക്യാമറ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് വാഹന പരിശോധന നടത്തിയും ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിനായി ആർ.പി.എഫുമായി ചേർന്നും, തീരദേശ മേഖലയിൽ തീരദേശ പോലീസ് സേനയുമായി സഹകരിച്ചും സംയുക്ത പരിശോധനകൾ നടത്തി ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഈ നടപടികൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | വിദ്യാർത്ഥികൾക്ക് ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തിവരുന്നു. വിദ്യാലയങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്പ്മെന്റ് കമ്മറ്റി എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ ലഹരി മരുന്നുകളുടെ ഉപയോഗം പോലെയുള്ള അനഭിലഷണീയ പ്രവണതകളിലേക്ക് പോകാതെ അവരുടെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിട്ട് സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കോളേജ് തലത്തിൽ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ശരിയായ അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിച്ച് വരുന്നു. ലഹരിക്കെതിരെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ വിവിധ രംഗങ്ങളിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (സി) | കോവിഡ് ലോക്ക്ഡൗൺ കാലത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ ഇത്തരം ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | കോവിഡ് ലോക്ക് ഡൗൺ കാലത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വരുന്നതായി തെളിഞ്ഞിട്ടില്ല. എന്നിരുന്നാലും ലഹരി വസ്തുക്കളുടെ വ്യാപനവും, ഉപയോഗവും തടയുന്നതിനായി ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കഞ്ചാവ് ഉൾപ്പെടെയുള്ള മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയുന്നതിന് സ്കൂൾ/ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രാദേശികമായി ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി പഞ്ചായത്ത്/വാർഡ് തലങ്ങളിൽ ലഹരി വിരുദ്ധ നിയന്ത്രണ സമിതികൾ രൂപീകരിച്ച് ബോധവത്ക്കരണ പരിപാടികളും, പ്രാദേശികമായി വിവരങ്ങൾ ശേഖരിച്ച് ലഹരി മാഫിയക്കെതിരെ ശക്തമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ